## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7998 — 24.07.2012 ൽ മറുപടിയ്ക്ക്

# ഡ്രൈവിംഗ് ലൈസൻസ് നൽകാൻ നടത്തുന്ന ടെസ്റ്റുകൾ

| ചോദ്യം<br>ശ്രീമതി പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) ഡ്രൈവിംഗ് ലൈസൻസ് നൽകാൻ എന്തൊക്കെ ടെസ്റ്റുകളാണ് മോട്ടോർ വാഹന വകുപ്പ് നടത്തുന്നത്; ഓരോ ടെസ്റ്റിനും സമയം നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന്റെ ആദ്യ പടിയായി അപേക്ഷകർക്ക് ലേണേഴ്സ് ടെസ്റ്റാണ് നടത്തുന്നത്. കമ്പ്യൂട്ടർ വഴിയാണ് ഈ ടെസ്റ്റ് നടത്തുന്നത്. ഇതിൽ പാസ്സാകുന്നവർക്ക് ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നു. ഇതിന് ഗ്രൗണ്ട് ടെസ്റ്റും റോഡ് ടെസ്റ്റും എന്ന രണ്ടു ഭാഗങ്ങളാണുള്ളത്. ഇരുചക്ര വാഹനങ്ങൾക്കും മുചക്ര വാഹനങ്ങൾക്കും '8' എന്ന ട്രാക്കിലും ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 'H' എന്ന ട്രാക്കിലുമാണ് ഗ്രൗണ്ട് ടെസ്റ്റ് നടത്തുന്നത്. ഹെവി വാഹനങ്ങളുടെ ലൈസൻസ് എടുക്കുന്നവർക്ക് റോഡ് ടെസ്റ്റ് മാത്രമാണ് നടത്തുന്നത്. കൂടാതെ ബാഡ്ജ് (ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ഓതറൈസേഷൻ) കൊടുക്കുന്നതിനായി വാചാ പരീക്ഷയും നടത്തുന്നുണ്ട്. ഓരോ ഡ്രൈവിംഗ് ടെസ്റ്റും നടത്തുന്നതിന് ക്ലിപ്ത സമയം നിഷ്കർഷിച്ചിട്ടില്ല. |
| (ബി) ആഴ്ചയിൽ എത്ര ദിവസമാണ് ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്താറുള്ളത്; ഒരു ദിവസം എത്ര ആളുകൾക്ക് ടെസ്റ്റ് നടത്തി ലൈസൻസ് നൽകാറുണ്ട്; | (ബി) | ശരാശരി 3 മുതൽ 5 ദിവസം വരെ ടെസ്റ്റ് നടത്താറുണ്ട്. ഇതിൽ ആളുകളുടെ എണ്ണത്തിന് അനുസരിച്ച് മാറ്റം വരുത്തുന്നുണ്ട്. ഡ്രൈവിംഗ് ടെസ്റ്റിന് ഒരു ബാച്ചിൽ പുതിയ 40 പേർക്കും മുമ്പ് തോറ്റ 20 പേർക്കും അടക്കം 60 പേർക്കാണ് അനുമതി നൽകുന്നത്. അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ബാച്ചുകളുടെ എണ്ണം കൂട്ടാറുള്ളതും അതിന് ഓഫീസുകൾ അനുസരിച്ച് മാറ്റം വരുന്നതുമാണ്. ഡ്രൈവിംഗ് ടെസ്റ്റിനുള്ള അപേക്ഷകരിൽ ശരാശരി 60% പേർ പാസ്സായി ലൈസൻസ് കരസ്ഥമാക്കുന്നുണ്ട്. |
| (സി) 2012 മെയ് 1 മുതൽ 31 വരെയുള്ള കാലയളവിൽ കേരളത്തിലെ ആർ.ടി. ഓഫീസുകളിലും സബ് ആർ.ടി. ഓഫീസുകളിലും നടന്ന വാഹന രജിസ്ട്രേഷൻ, നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ലേണേഴ്സ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>വാഹന രജിസ്ട്രേഷൻ 75025 എണ്ണം<br>ഫിറ്റ്നസ് സർട്ടിഫിക്കറ്റ് 52864 എണ്ണം<br>ഡ്രൈവിംഗ് ലൈസൻസ് 73396 എണ്ണം<br>ലേണേഴ്സ് ലൈസൻസ് 79841 എണ്ണം |

സെക്ഷൻ ഓഫീസർ